ശ്രീ. ഇ. പി. ഗോപാലൻ : നമ്മുടെനാട്ടിൽ കുട്ടികളുടെ സ്ട്രെംഗ്ത് അനുസരിച്ചാണോ പോസ്റ്റു് ക്രിയേറ്റു ചെയ്യുന്നതു്, അതോ കാളിഫൈഡ് സ്റ്റാഫിനു മാത്രമേ പോസ്റ്റു് അനുവദിയ്ക്കുകയുള്ളു എന്നു വല്ല നിബന്ധനയുമുണ്ടോ?

ശ്രീ. ആർ. ശങ്കർ : 62—63 എന്നു പറയുന്ന വർഷം അതായതു് കഴിഞ്ഞ വർഷംവരെ 45—ൽ കവിയാതെ സ്ട്രെംഗ്ത് വന്നാൽ ബൈഫർക്കേറ്റു ചെയ്യാൻ അനുവദിക്കും. 45 വരെ ഒരു ടീച്ചറെമാത്രം അനുവദിയ്ക്കും. അതായിരുന്നു വ്യവസ്ഥ. എന്നാൽ ഈ നടപ്പുവർഷത്തിൽ പുതുതായിട്ടുണ്ടാവുന്ന ക്ലാസുകളിൽ 51 കുട്ടികളുണ്ടെങ്കിൽ മാത്രമേ രണ്ടു് ഡിവിഷൻ അനുവദിക്കുകയുള്ളു. 50 വരെ ഒരു ഡിവിഷനെ അനുവദിക്കാവൂ എന്നു് റൂൾ ഉണ്ടായിട്ടുണ്ടു്. ഈ റൂളിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ളതു് കഴിഞ്ഞകൊല്ലം നിലവിലിരുന്ന റൂളനുസരിച്ചു് ഫിക്സുചെയ്ത സ്റ്റാഫിൽ കുറവുവരുത്തേണ്ടാന്നാണു്. ഈ ആണ്ടിൽ വരുന്ന ഡിവിഷനിൽമാത്രമേ പുതിയ പരിധി ഉപയോഗിക്കുകയുള്ളു എന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. കഴിഞ്ഞകൊല്ലം ഫിക്സുചെയ്തിരുന്ന സ്റ്റാഫിനെ എടുക്കുന്നതിനു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു് നൽകിയിട്ടുള്ള വ്യാഖ്യാനം കഴിഞ്ഞകൊല്ലം ഫിക്സു് ചെയ്തിരുന്ന കാളിഫൈഡ് സ്റ്റാഫു് ഏന്നാണു്. കാളിഫൈഡല്ലാത്ത ആരെയെങ്കിലും കഴിഞ്ഞകൊല്ലം നിയമിച്ചിരുന്നെങ്കിൽ അതു് ടെമ്പററിയായിട്ടുമാത്രം നിശ്ചയിച്ചതാണെന്നാണു്. അതു് സാധാരണ നിയമവുമാണു്. കഴിഞ്ഞകൊല്ലംവരെയുള്ള ഒരു കാളിഫൈഡ് ടീച്ചറേയും ഇക്കൊല്ലം കുറവുചെയ്യുകയില്ല. കാളിഫൈഡ് അല്ലാത്ത ടീച്ചേഴ്സിനെ കഴിഞ്ഞകൊല്ലം വച്ചിരുന്നുവെങ്കിൽ ഇക്കൊല്ലം പുതിയ സ്ട്രെംഗ്ത് അനുസരിച്ചു് വയ്ക്കാൻ സൗകര്യമില്ലെങ്കിൽ വയ്ക്കാതെവന്നേക്കും.

ശ്രീ. കെ. സി. എബ്രഹാം : മൂന്നുനാലുകൊല്ലം മുമ്പുതന്നെ തുടച്ചയായി സർവ്വീസിലിരുന്ന ഒരദ്ധ്യാപകനെ ഇക്കൊല്ലത്തിന്റെ പകുതിയിൽ കാളിഫൈഡ് അല്ലെന്നു പറഞ്ഞു് പരിച്ചുവിടുന്നതു് ന്യായമാണോ?

ശ്രീ. ആർ. ശങ്കർ : കൊല്ലത്തിന്റെ മദ്ധ്യത്തിലല്ല ഉണ്ടായിട്ടുള്ളതു്. ആദ്യംതന്നെ ഉണ്ടായിട്ടുള്ളതാണു്.

ശ്രീ. പി. സി. രാഘവൻനായർ : 12 കൊല്ലം ഒരു സ്കൂളിൽ ഇരുന്നിട്ടുള്ള ആളെ മറെറാരു സ്കൂളിലേക്കു് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ അവിടെനിന്നും തിരിയെവരുമ്പോഴും അയാൾ വഹിച്ചിരുന്നസ്ഥാനം നഷ്ടപ്പെടാതിരിക്കാനുള്ള നടപടികളെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ : 62—63—ൽ അന്നിരുന്ന നിയമമനുസരിച്ചു് 6 ഡിവിഷൻ അനുവദിക്കാമായിരുന്നു. 5 കാളിഫൈഡ് ടീച്ചറേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് മറെറാരു സ്കൂളിൽനിന്നു് ഒരദ്ധ്യാപകനെ ട്രാൻസ്ഫർ ചെയ്യിക്കുന്നതിനു് അനുവാദം ചോദിച്ചുകൊടുത്തു. ട്രാൻസ്ഫർ ചെയ്തതു് അക്കൊല്ലത്തിലല്ല. 64-65-ലാണു് ട്രാൻസ്ഫർ ചെയ്തതു്. അപ്പോഴും വേറെ റൂളുവന്നു. ഇന്നുള്ള സ്ട്രെംഗ്ത് നോക്കിയപ്പോഴും അഞ്ചുപേരേയേ വയ്ക്കാൻ സാധിക്കുകയുള്ളു.

ദേശമിത്രം പ്രസ്സിലെ പണിമുടക്കം.

902. [41] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ ; താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ ദേശമിത്രം പ്രസ്സിൽ പണിമുടക്കം തുടങ്ങിയിട്ടു് എത്ര ദിവസമായി ;

(ബി) തൊഴിലാളികളുടെ ഡിമാൻറു് എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പണിമുടക്കം മദ്ധ്യസ്ഥമാക്കിത്തീർക്കുവാൻ ലേബർ ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാർ ഇടപെട്ടിരുന്നുവോ ; ഉണ്ടെങ്കിൽ ഫലമെന്തു് ;

(ഡി) ഈ തൊഴിൽമുടക്കം തീരാതിരിക്കുവാൻ എന്താണു് കാരണം ;

(ഇ) ഈ പണിമുടക്കം തീർക്കുവാൻ ഗവണ്മെന്റു് അടിയന്തിര നടപടികൾ എടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 46 ദിവസമായി.

(ബി) 1962–63–ലെ ബോണസ്സു് പ്രതിവർഷവർദ്ധനവു്, 10 ശതമാനം ശമ്പളവർദ്ധനവു് എന്നിവയായിരുന്നു തൊഴിലാളികളുടെ ഡിമാന്റു്.

(സി) കണ്ണൂർ അസിസ്റ്റന്റു് ലേബർ ആഫീസർ, കണ്ണൂർ ഡിസ്ട്രിക്റ്റു് ലേബർ ആഫീസർ, കോഴിക്കോട്ടു് ഡെപ്യൂട്ടി ലേബർ കമ്മീഷണർ എന്നിവരിടപെട്ടു് തർക്കം അവസാനിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. തർക്കം അവസാനിച്ചിട്ടില്ല.

(ഡി) ഉഭയകക്ഷികളുടെ അഭിപ്രായവ്യത്യാസമാണു് തൊഴിൽതർക്കം തീരാതിരിക്കുവാൻ കാരണം.

(ഇ) ഈ പണിമുടക്കം തീർക്കുവാൻ ഗവണ്മെന്റു് വേണ്ട നടപടികൾ എടുത്തുവരുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : നാൽപത്തിയാറു ദിവസം പണിമുടക്കു നടത്തിയിട്ടു നാൽപത്തിയാറുമത്തെ ദിവസം അവിടെ പോലീസു് ബലം പ്രയോഗിച്ചു് അവരെ പിടിച്ചു പുറത്താക്കുകയാണു് ചെയ്തിട്ടുള്ളതു്, അതുവരെ മാനേജ്മെന്റു് ഒരുവിധത്തിലും ഗവണ്മെന്റുമായി കാര്യങ്ങൾ സംസാരിച്ചു് തീരുമാനിക്കുന്നതിനു പരിശ്രമം നടത്തിട്ടില്ലാ എന്നാണോ. ഈ നാൽപത്തിയാറു ദിവസം പണിമുടക്കിയിട്ടും ഗവണ്മെന്റിനു മാനേജ്മെന്റുമായി അനുരഞ്ജന നടപടികൾ നടത്താൻ കഴിവില്ലാതെപോയതു എന്തുകൊണ്ടാണു് ?

ശ്രീ. കെ. ടി അച്യുതൻ : ഗവണ്മെന്റിന്റെ കഴിവിനു ഒരു കുറവുമില്ല. ഗവണ്മെന്റു് അതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്. ഈ കഴിഞ്ഞ 9–ാം തീയതിവരെ ഈ പ്രസ്സിനകത്തുതന്നെ തൊഴിലാളികൾ തമ്മിലായിരുന്നു. അതിനുശേഷം അവർ പുറത്തുപോകണം എന്നു പറഞ്ഞപ്പോൾ സ്വാഭാവികമായതന്നെ അവർ മാറുകയാണുണ്ടായതു്. തർക്കം അവസാനിപ്പിക്കുന്നതിനു ഉടമയുമായി സംസാരിച്ചതിൽ അവർ പറഞ്ഞതു് അവിടെ സ്ഥിതിഗതികൾ അല്പം ശാന്തമാകണം എന്നാണു്. അതിനുശേഷം അങ്ങനെ ഇരുകക്ഷികളും തമ്മിൽ ഉള്ള പെരുമാറ്റത്തിൽ അല്പം പിരിമുറുക്കം കണ്ടുകൊണ്ടു് അതു അല്പം മയപ്പെടട്ടെ എന്നു കരുതി. അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ലെന്നുണ്ടെങ്കിൽ അതു റെഫർ ചെയ്യാൻ പോകുകയാണു്. അതു ചെയ്തുകഴിഞ്ഞുപിന്നെ നടപടികൾ എടുക്കാം.

വിദ്യാർത്ഥിയെ മീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്തതായി പരാതി.

* 903. [42] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ എഡ്യൂക്കേഷൻ ഡിസ്ട്രിക്റ്റിന്റെ കീഴിലുള്ള കുവപ്പടി ഗണപതിവിലാസം ഹൈസ്കൂളിലെ മി. കെ. വാസുദേവൻ എന്ന വിദ്യാർത്ഥിയെ 7–11–1963–ൽ നെടുംകണ്ടത്തിൽ ഔസേഫു് അബ്രഹാം എന്നൊരാൾ മീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്തതായി ഒരു പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly